PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

SECOND SESSION—1950

Saturday, *the 4th November 1950*

Vol. II] OFFICIAL REPORT [No. 14

The Assembly met in the Legislative Chamber, Trivandrum, at 11 of the clock on Saturday, the 4th November 1950, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day)

Oral Answers

ഡിസ്റ്റിലറിക്കുള്ള ടെൻഡർ

* ൈനമ്പ. (൧) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സംസ്ഥാനത്തുള്ള ഏതെങ്കിലും ഡിസ്റ്റിലറി ടെൻഡർ വിളിക്കാതെയോ ലേലംചെയ്യാതെയോ ആക്കെങ്കിലും കൊടുത്തിട്ടുണ്ടോ;

(ബി) കൊടുത്തിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്?

വ്യവസായവും, എക്സൈസും, പ്രാദേശികസ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ചു ഗവണ്മെന്റു കഴിഞ്ഞ ആഗസ്റ്റ് ൧൫-ാംതീയതി പുറപ്പെടുവിച്ച പ്രസ്സ്നോട്ടിൽ കാരണങ്ങളും വിശദപ്പെടുത്തിയിട്ടുണ്ട്. പ്രസ്സ് നോട്ടിന്റെ കാപ്പി മേശപ്പുറത്തു വച്ചിട്ടുണ്ട്.

ശ്രീ. പി. നാണു: പ്രസ്സ്നോട്ട് ഞാൻ കണ്ടില്ല. അതിനാൽ കാരണങ്ങളും എന്താണെന്നു പറഞ്ഞാൽ കൊള്ളാം.

ശ്രീ. എൻ. കുഞ്ഞുരാമൻ: കാരണങ്ങളും എന്താണെന്നുള്ളതിനെക്കുറിച്ചുള്ള വിവരങ്ങളാണ് മേശപ്പുറത്തു വച്ചിട്ടുണ്ടെന്നു പറഞ്ഞതു്. വേണമെങ്കിൽ പറയാം.

ശ്രീ. പി. നാണു: എന്തുകൊണ്ടാണ് ആ ഡിസ്റ്റിലറി ലേലംചെയ്യാതെ കൊടുത്തതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് പ്രധാനമായിട്ടു രണ്ടു ഡിസ്റ്റിലറീസുണ്ടു്. ഒന്നു പാരി ആൻഡ് കമ്പനിക്കാരുടെ വക ഡിസ്റ്റിലറിയും മറ്റൊന്നു ട്രിച്ചൂർ ഗവണ്മെന്റു ഡിസ്റ്റിലറിയുമാണു്. കൊച്ചിയിലുള്ള ഡിസ്റ്റിലറി ടെൻഡർ വിളിച്ചുകൊടുക്കുകയും തിരുവിതാംകൂറിലുള്ള ഡിസ്റ്റിലറി ഉടമസ്ഥനായ പാരി ആൻഡു് കമ്പനിയുമായി നെഗോഷ്യേറ്റു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തുകൊടുക്കുകയുമാണു് പതിവു്. എന്നാൽ ഇൻറഗ്രേഷൻ കഴിഞ്ഞതിനു ശേഷം ആ പതിവു തുടർന്നു നടത്തുന്നതു സൗകര്യപ്രദമല്ലെന്നു ഗവൺമെണ്ടിനു തോന്നിയതുകൊണ്ടു മാത്രമാണു് പാരി ആൻഡു് കമ്പനി മാനേജുമെൻറും ട്രിച്ചൂർ ഡിസ്റ്റിലറി മാനേജുമെൻറുമായി നെഗോഷിയേറുചെയ്തതു്. അതിൻറെ ശേഷമാണു് ഈ ടേംസു് ഉണ്ടാക്കിയതു്. ഈ ടേംസു് വളരെ സഹികായ്മയിട്ടുള്ളതാണു്. ഗവൺമെണ്ടിനു വളരെ അഡ്വാൻറേജിയസ്സുമാണു്.

ശ്രീ. പി. നാണു: കൊച്ചി ഗവൺമെണ്ടു ഡിസ്റ്റിലറിയിൽനിന്നും എത്ര രൂപാ കിട്ടിക്കൊണ്ടിരുന്നു?

ശ്രീ. എൻ. കുഞ്ഞുരാമൻ: എത്ര രൂപാ കിട്ടിയെന്നുള്ളതിനെപ്പറ്റിയല്ല ചിന്തിക്കേണ്ടതു്.

ശ്രീ. പി. നാണു: കൊച്ചിയിലെ ഗവൺമെണ്ടു ഡിസ്റ്റിലറി കാൺട്രാക്ടറു സിസ്റ്റമനുസരിച്ചു കൊടുത്തിരുന്നു. അതിൽനിന്നും എത്ര രൂപാ കിട്ടിയിരുന്നു എന്നാണു് ഞാൻ ചോദിച്ചതു്.

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇപ്പോൾ വാടകയ്ക്കു കൊടുത്തിരിക്കയാണു്. വാടകയിനത്തിൽ ഗവൺമെണ്ടിനു കിട്ടുന്നതു 8 ലക്ഷം രൂപയാണു്.

ശ്രീ. പി. നാണു: ഈ തുക മുൻപു കിട്ടിക്കൊണ്ടിരുന്നതിൽ കൂടുതലാണോ കുറവാണോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതു കുറവല്ല.

ശ്രീ. പി. നാണു: എങ്കിലും, എത്ര രൂപാ കുറവാണെന്നു പറയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇപ്പോൾ അതു പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: എന്തെല്ലാം സാധനങ്ങളാണു് ഈ ഡിസ്റ്റിലറിക്കു സപ്ലൈചെയ്തിരിക്കുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഡിസ്റ്റിലറിക്കാവശ്യമായ പ്ലാൻറാണു് കൊടുത്തിരിക്കുന്നതു്.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ആ പ്ലാൻറു് ഓപ്പറേറുചെയ്യുന്നതിനുള്ള അവകാശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതും ചേർത്താണു് കൊടുത്തിരിക്കുന്നതു്.

ശ്രീ. എ. താണുപിള്ള: ഈ പ്ലാൻറു് ഓപ്പറേറുചെയ്യുന്നതിനുള്ള അവകാശം കാൺട്രാക്ടറുവിളിച്ചാണോ കൊടുത്തിട്ടുള്ളതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: അല്ല. അതു് ഓപ്പറേറുചെയ്യുന്നതിനുള്ള വാടക ഈടാക്കുകയാണു് ചെയ്യുന്നതു്.

ശ്രീ. എ. താണുപിള്ള: ഇതു ടെൻഡർ വിളിച്ചുകൊടുക്കുകയാണോ പതിവു്?

ശ്രീ. എൻ. കുഞ്ഞുരാമൻ: കൊച്ചിയിൽ ടെൻഡർ വിളിച്ചുകൊടുക്കുകയായിരുന്നു. തിരുവിതാംകൂറിൽ പാരി ആൻഡു് കമ്പനിയുമായി നെഗോഷിയേറുചെയ്തുകൊടുക്കുകയുമാണു്. എന്നാൽ ഇപ്പോൾ ഇവിടത്തെ ആവശ്യത്തിനു മുഴുവൻ സപ്ലൈചെയ്യാൻ ആരുമില്ലായിരുന്നു.

ശ്രീ. എ. താണുപിള്ള: ഈ കാൺട്രാക്കെടുക്കാൻ ആരുമില്ലായെന്നു് എങ്ങിനെ അറിഞ്ഞു?

ശ്രീ. എൻ. കുഞ്ഞുരാമൻ: അതു് അന്വേഷണത്തിൽ ഗവൺമെണ്ടിനറിയാൻ കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. താണുപിള്ള : പാരി ആൻഡ് കമ്പനിക്ക് ഈ കാൺട്രാക്റ്റ് കൂടി കൊടുക്കാതിരുന്നതെന്തുകൊണ്ടാണ് ?

ശ്രീ. എൻ. കുഞ്ഞുരാമൻ : പാരി ആൻഡ് കമ്പനിക്ക് മറ്റു ഡിസ്റ്റിലറിയുണ്ട്. അവക്ക് മാസത്തിൽ പതിനയ്യായിരത്തോളം ഗ്യാലൺ ചാരായം സപ്ലൈചെയ്യാനുള്ള കപ്പാസിറ്റിയേയുള്ളൂ എന്നാണറിവ്. അതുപോലെ തന്നെ ടിച്ചൂർ ഡിസ്റ്റിലറിക്ക് 8,000 ഗ്യാലൺ സപ്ലൈചെയ്യാനും സാധിക്കുന്നതാണ്.

ശ്രീ. എ. താണുപിള്ള : ഇപ്പോൾ ടിച്ചൂർ ഡിസ്റ്റിലറിയല്ലേ ടെൻഡർ വിളിക്കാതെ കൊടുത്തിട്ടുള്ളത് ?

ശ്രീ. എൻ. കുഞ്ഞുരാമൻ : രണ്ടും ടെൻഡർ വിളിക്കാതെയാണ് കൊടുത്തിട്ടുള്ളത്. രണ്ടു നടപടികളാണ് ഇവിടെ സ്വീകരിക്കപ്പെട്ടിരുന്നത്. കൊച്ചിയിലുള്ള ഡിസ്റ്റിലറി അവിടത്തെ കാൺട്രാക്ടർക്കുതന്നെ കാൺട്രാക്റ്റ് കൊടുക്കുന്നതും തിരുവിതാംകൂറിൽ അതു പാരി ആൻഡ് കമ്പനിക്ക് കാൺട്രാക്റ്റ് കൊടുക്കുന്നതും കൂടുതൽ സൗകര്യവും ലാഭവുമായിരിക്കുമെന്നു കരുതിയതുകൊണ്ടാണ് ഇപ്രകാരം നെഗോഷിയേഷൻനടപടി സ്വീകരിക്കണമെന്നു വിചാരിച്ചത്.

ശ്രീ. എ താണുപിള്ള : ഇപ്പോഴത്തെ കാൺട്രാക്ടർ കഴിഞ്ഞ ആണ്ടിലും കാൺട്രാക്ടരായിരുന്നോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതെ.

ശ്രീ. എ. താണുപിള്ള : മുൻ കാൺട്രാക്ടറുമായി ഗവൺമെണ്ടിലേക്ക് കൊടുക്കുവാനുള്ള സംഖ്യ മുഴുവനും അടച്ചിട്ടുണ്ടോ ? അതിൽ വല്ല ഡിഫാൾട്ടുമുണ്ടോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഡിഫാൾട്ടുണ്ടായിരുന്നു. അതെല്ലാം തീർത്തിട്ടുണ്ട്. മേലാൽ അങ്ങിനെ ഡിഫാൾട്ടുണ്ടാകരുതെന്നു വ്യവസ്ഥചെയ്തിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള : ഈ കാൺട്രാക്റ്റ് കൊടുത്തപ്പോൾ അയാൾ ഡിഫാൾട്ടറല്ലായിരുന്നോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അപ്പോൾ ഡിഫാൾട്ടില്ലായിരുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : മാസംതോറും എത്ര ചാരായമാണ് സപ്ലൈചെയ്യണമെന്നു വല്ല വ്യവസ്ഥയുമുണ്ടോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ആവശ്യപ്പെടുമ്പോൾ സപ്ലൈചെയ്യണമെന്നാണ് വ്യവസ്ഥ.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : ആരുടെ കാൺട്രാക്ടർമാർ ആവശ്യപ്പെടുന്നതനുസരിച്ചു കൊടുക്കണമെന്നാണോ വ്യവസ്ഥ ? അതോ ഗവൺമെണ്ടാവശ്യപ്പെടുമ്പോൾ കൊടുക്കണമെന്നാണോ ?

ശ്രീ. എൻ. കുഞ്ഞുരാമൻ : മെമ്പർ ഏതു വ്യവസ്ഥയെ ഉദ്ദേശിച്ചാണ് പറയുന്നതു് എന്നു മനസ്സിലായില്ല. ഗവൺമെണ്ടിൽനിന്നു് എത്ര ചാരായം സപ്ലൈചെയ്യണമെന്നാവശ്യപ്പെടുന്നുവോ അത്രയും കൊടുക്കണമെന്നാണ് വ്യവസ്ഥ. യാതൊരു കംപ്ലെയിൻറ്സിനും ഇടയാക്കരുതെന്നാണ് ഗവൺമെണ്ടിന്റെ നിർദ്ദേശം. അതിന്റെ വിശദാംശങ്ങളെപ്പറ്റി അന്വേഷിച്ചതിനുശേഷമേ പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. ഇ. കെ. മാധവൻ : ഇപ്പോഴത്തെ കാൺട്രാക്ടർക്ക് കാൺട്രാക്റ്റ് കൊടുത്തപ്പോൾ ഗവൺമെണ്ടിലേക്ക് അടയ്ക്കേണ്ടതായി വല്ല സംഖ്യയും ഉണ്ടായിരുന്നോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ല.

ശ്രീ. ഇട്ടീര അമ്മുക്കൻ: ഇങ്ങിനെ കാൺട്രാക്ററ കൊടുക്കണമെന്ന് പാരി ആൻഡ് കമ്പനി ആവശ്യപ്പെട്ടതാണോ, ഗവൺമെണ്ട് ആവശ്യപ്പെട്ടതാണോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: പാരി ആൻഡ് കമ്പനിക്ക് അങ്ങിനെ ആവശ്യപ്പെടാൻ അവകാശമില്ല.

ശ്രീ. എ. താണുപിള്ള: കൊച്ചിയിലെ ഡിസ്റ്റിലറി പഴയ കാൺട്രാക്ടുക്കാരെ തന്നെ ഗവൺമെണ്ട് കൊടുത്തതുമൂലം ഗവൺമെണ്ടിനു വല്ല ഗുണവുമുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഒരു ഗുണമുണ്ടായി. പാരി ആൻഡ് കമ്പനി ഒരു ഗ്യാലനു് ഏ രൂപാ വീതം തരുന്നു. ഏ പൈസ വിലക്കും ട്രിച്ചൂർ ഡിസ്റ്റിലറി ഗ്യാലനു് ഒരു രൂപാ എട്ടണ എന്നകണക്കിനും സപ്ലൈചെയ്യാൻ സാധിക്കുമെന്നുള്ള വ്യവസ്ഥയിലാണു് കാൺട്രാക്ടുകൊടുക്കാൻ സാധിച്ചതു്.

(Copy of the Press Note referred to in answer to Part B)

Press Note

Misleading reports are being published by a section of the Press, perhaps deliberately, regarding the contract for the supply of arrack to the State. Government have sanctioned the contract being given to Sri. P. J. George for the supply to the old Cochin area and to Messrs. Travancore Sugars and Chemicals Ltd. for the supply to the old Travancore area, for a period of five years from 1126, subject to the introduction of prohibition, at the following rates:—

Cochin area

Re. 1—8—0 per gallon of 35° U.P.

Travancore area

Re. 1—13—11 per gallon of 35° U.P.
Rs. 2—2—6 per gallon of 25° U.P.

The Contractor for the Cochin area will also pay rent at the rate of about Rs. 416 per mensem for the Trichur Distillery, which he will use for the manufacture of arrack. The rates secured for the two areas are quite good.

2. The rates have been conditioned particularly by the length of the contract period. It is not possible to get such advantageous rates for a lesser period than five years. In fixing a five-year period, however, special provision has been made for altering or terminating the contract on the extension of prohibition to any new area in the State.

3. Tenders used to be invited in the Cochin State for giving the arrack supply contract. In Travancore the contract was being given by negotiation from time to time. No tenders were invited this year, as it has become obvious that there is very little scope for competition in this line. A quantity of about 5,000 gallons of arrack per mensem is necessary for supply in the Cochin area and about 15,000 gallons per mensem in the Travancore area. The Government Distillery at Trichur has sufficient capacity to serve the Cochin area and Messrs. Travancore Sugars and Chemicals Ltd., have the resources for the supply to the Travancore area. It will not be denied that there is no other private distillery either in Travancore or in Cochin which can undertake this supply. It was in these circumstances that Government made up their mind to negotiate with Messrs. Travancore Sugars & Chemicals Ltd. and with the contractor who is now operating the Trichur Distillery. Government have

LIBRARY ARCHIVES Kerala Legislative Assembly

absolutely no doubt that the negotiations have been successful and that the best rates possible have been secured.

4. It is alleged that Sri. P. J. George has defaulted payment of Government dues in the past; but most of the dues have already been recovered. The condition has also been imposed that the new contract will be confirmed in his favour only if he clears all the outstanding arrears. If any dues fall into arrears in future, Government have, of course, abundant powers to recover them and necessary precautions have been taken for it.

5. The arrangements that have been concluded are calculated to advance the best interests of the State. Disappointed speculators may have reason to find fault with the arrangements, but the criticism which they put forward under the cloak of protecting public interests is motivated by personal reasons and is baseless.

Sd. M. C. THOMAS,
Secretary to Government

Government Secretariat,
Revenue Department,
Trivandrum,
11th August 1950.

Point of order re: Supplementary Questions

ശ്രീ. എം. ഐ. പാപ്പം: സർ, ഒരു പായിൻറ് ആഫ് ആർഡർ. ഒരു ചോദ്യം അയയ്ക്കാത്ത മെമ്പക്ക് എത്ര ഉപചോദ്യം ചോദിക്കാമെന്ന വല്ല വ്യവസ്ഥയുമുണ്ടോ?

മിസ്റ്റർ സ്പീക്കർ: ഇല്ല.

ശ്രീ. എം. ഐ. പാപ്പം: വേറൊരു പായിൻറ് ആഫ് ആർഡർ. ഒരു ചോദ്യം അയയ്ക്കാത്ത മെമ്പക്ക് ഉപചോദ്യങ്ങളും ചോദിക്കുന്നതിന് അവസരം കൊടുക്കുകയും അതേസമയം മറെ മെമ്പർമാർ ഇവിടെ ബസ്സിയെടുക്കേണ്ടി വരുകയും ചെയ്യുന്നതു ശരിയാണോ?

മിസ്റ്റർ സ്പീക്കർ: 'ബസ്സി' എന്നുവെച്ചാൽ എന്താണ്?

ശ്രീ. എം. ഐ. പാപ്പം: തുടച്ചയായി എണീക്കുകയും ഇരിക്കുകയും ചെയ്യുന്നതിനു 'ബസ്സി' എന്നു പറയും.

മിസ്റ്റർ സ്പീക്കർ: ആദ്യം ഉന്നയിച്ച പായിൻറ് ആഫ് ആർഡറിൻെറ ഒരു വകഭേദമാണ് ഈ പായിൻറ് ആഫ് ആർഡർ. പ്രധാനചോദ്യം ചോദിച്ച മെമ്പക്കാണ് ഉപചോദ്യങ്ങളും ചോദിക്കാനുള്ള പ്രഥമ അവകാശം. മറെള്ള മെമ്പർമാക്കും ഉപചോദ്യങ്ങളും ചോദിക്കാവുന്നതാണ്. എത്ര ഉപചോദ്യങ്ങളും ചോദിക്കാമെന്ന നിഷ്കർഷിക്കുന്ന നിബന്ധന ഒന്നും ഇല്ല. അങ്ങനെ ചോദ്യോത്തരങ്ങളും നടന്നുകൊണ്ടിരിക്കുമ്പോൾ മറെ മെമ്പർന്മാർ എഴുന്നേല്ക്കുകയും ഇരിക്കുകയും ചെയ്യുന്നതു തെറ്റാണ്.

ശ്രീ. എം. ഐ. പാപ്പം: സർ, വേറൊരു പായിൻറ് ആഫ് ആർഡർ. സ്പീക്കർ ഉപചോദ്യങ്ങളും ചോദിക്കുന്നതിനെ സംബന്ധിച്ചു തന്നിട്ടുള്ള റൂളിംഗുകളുടെ വെളിച്ചത്തിൽ, ഉപചോദ്യങ്ങളും ചോദിക്കുവാൻ ആഗ്രഹമുള്ളവർ എഴുന്നേറെ നിൽക്കണമെന്നും സ്പീക്കർ അനുവദിക്കുന്നപക്ഷം ചോദ്യം ചോദിക്കാവുന്നതാണെന്നും ബഹു. സ്പീക്കർ പറഞ്ഞിട്ടുള്ളതിൻെറ വെളിച്ചത്തിൽ, ഒരു മെമ്പർ മാത്രം ഉപചോദ്യങ്ങളും തുടച്ചയായി ചോദിക്കുകയും മറെള്ളവക്ക് സൗകര്യം കൊടുക്കാതിരിക്കുകയും ചെയ്യുന്നതു ശരിയാണോ? അതു പാർലമെൻറിയാണോ, സർ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സ്പീക്കർ: ഉപചോദ്യങ്ങളുടെ കാര്യത്തിൽ ക്രമവിരുദ്ധമോ പാർലി മെൻററിയല്ലാത്തതോ ആയ നടപടികളൊന്നും ഉണ്ടായിട്ടില്ല. അനുവദിക്കത്തക്കതല്ലാത്ത ചോദ്യങ്ങൾ സ്പീക്കറിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരമുപയോഗിച്ചു തടയുന്നതായിരിക്കും.

ശ്രീ. എം. ഐ. പോൾ: ഒരു പോയിൻറ് ഓഫ് ഓർഡർ. ബഹു. സ്പീക്കർ ചോദ്യങ്ങൾ ചോദിക്കുന്നതു സംബന്ധിച്ചു നൽകിയിട്ടുള്ള പല റൂളിംഗുകൾക്കും വിപരീതമായി പ്രത്യേകിച്ച് ഒരു മെമ്പർക്കുമാത്രം പ്രിഫറൻസു കൊടുക്കുന്നതു പാർലമെൻററിയാണോ?

മിസ്റ്റർ സ്പീക്കർ: ഉപചോദ്യങ്ങൾ അനുവദിക്കുന്നതിനുള്ള അധികാരം സ്പീക്കർക്കാണ്. അനുവദിക്കുന്നതും അനുവദിക്കാതിരിക്കുന്നതും സ്പീക്കറുടെ യുക്തമാണ്. സ്പീക്കറുടെ റൂളിംഗിനെ സംബന്ധിച്ചു ചോദിക്കുവാൻ പാടില്ല. ചോദിക്കുന്നതു ശരിയുമല്ല.

ശ്രീ. എം. ഐ. പോൾ: ബഹു. സ്പീക്കറുടെ റൂളിംഗിനെ സ്വീകരിക്കുവാൻ ഞങ്ങൾ തയ്യാറാണ്. പക്ഷേ അതു അൺപാർലമെൻററിയായിപ്പോകുന്നതു തെറ്റാണ്.

മിസ്റ്റർ സ്പീക്കർ: കുറെ കൂടുതൽ ഉപചോദ്യങ്ങൾ ചോദിക്കുവാൻ ഒരു മെമ്പർക്കു സൗകര്യം കൊടുത്തു എന്നുള്ളതാണോ മെമ്പറുടെ ഈ പ്രസ്താവനകൾക്ക് ആധാരമാക്കിയിരിക്കുന്നതു?

ശ്രീ. എം. ഐ. പോൾ: ഇതു് ഈ സഭയിലെ പല അംഗങ്ങളുടേയും അവകാശങ്ങളെ ചോദ്യംചെയ്യുന്നതും പാർലമെൻററി പ്രാക്ടീസിനു് എതിരായുമുള്ള ഒരു നടപടിയല്ലേ? അതു തെറ്റല്ലേ?

മിസ്റ്റർ സ്പീക്കർ: ബഹു. മെമ്പർ ഈ സംഗതിയെപ്പററി ചോദ്യംചെയ്യുന്നതും അതിലേക്കു സഭയുടെ സമയം വ്യയംചെയ്യുന്നതിനിടയാക്കുന്നതുമാണ് പാർലമെൻററി പ്രാക്ടീസിനു വിരുദ്ധം.

Sri. M. I. Paul: If this procedure is allowed to continue, will it not be curtailing the privileges of the Hon'ble Members, will it not be against the democratic principles in general, and of this House of which you are the custodian?

Mr. Speaker: Considering the waste of time resulting from the Hon'ble member's persistent attitude which amounts to an abuse of privilege I feel it is a matter of which serious notice may have to be taken. The ruling has been given that there is nothing irregular or unparliamentary in having allowed supplementary questions by one of the members and it has also been pointed out that the Speaker's discretion in allowing the questions cannot be called in question in the manner chosen by the member. If in spite of this, the Hon'ble member proceeds to repeatedly raise the same question in different forms calling them all points of order though the questions do not involve any point for fresh decision and thereby wastes the time of the House and obstructs its business, the matter demands serious consideration probably necessitating such action as is provided by the Rules.

ശ്രീ. ഇട്ടീര അമ്മുക്കൻ: എനിക്കൊന്നു സമർപ്പിക്കുവാനുണ്ട്. ശ്രീ. പട്ടം താണുപിള്ള അവർകൾക്കു ചോദ്യം ചോദിക്കുന്നതിനെ സംബന്ധിച്ചും മറ്റും സാധാരണയായി കുറെ പ്രിഫറൻസു കൊടുക്കാറുണ്ട്. അതിൽ ഞങ്ങൾക്കു വിരോധമില്ലെങ്കിലും അങ്ങിനെ ഒരു അപ്പ്രൊസിഷൻ പാർട്ടി ലീഡർക്കു മാത്രം പ്രിഫറൻസു കൊടുക്കാമോ?

മിസ്റ്റർ സ്പീക്കർ: അനുവദിക്കത്തക്കതെന്നു കണ്ടതായ ചോദ്യങ്ങൾ അനുവദിച്ചതിൽ അങ്ങിനെ ഒരു പ്രിഫറൻസിൻെറ ചോദ്യമേ ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly